ഉത്തരം

(എ) മാനവീയം പരിപാടിക്കായി 66,23,332/- രൂപ (അറുപത്തിയാറു ലക്ഷത്തി ഇരുപത്തിമൂവായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ടു രൂപ മാത്രം) ചെല വായിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തിന് പുറത്തുനിന്ന് മാനവീയം പരിപാടി അവ തരിപ്പിക്കുന്നതിന് കൊണ്ടുവന്ന കലാകാരൻമാരുടെ പേരും ഇവർക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങളും താഴെകൊടുക്കുന്നു;

ശ്രീ. ഉസ്താദ് അള്ളരഖ	-	39,354 രൂപ
ശ്രീ. നിഷികാന്ത് ബറോടേക്കർ-		11,540 രൂപ
ശ്രീ. എം.എഫ്. ഹുസൈൻ	-	40,057 രൂപ
ശ്രീ. പണ്ഡിറ്റ് രവിശങ്കർ	-	10,62,722 രൂപ
ഡോ. ശ്രീമതി എൻ രാജം	-	79,648 രൂപ
ശ്രീമതി കിഷോരിഅമോങ്കർ	-	2,44,548 രൂപ
ശ്രീമതി ഷറൺ റാണി	-	31,374 രൂപ
ശ്രീമതി ലളിതാശർമ്മ	-	70,474 രൂപ
ശ്രീ. ഉമയാൾപുരം ശിവരാമൻ	-	35,000 രൂപ
ശ്രീ. വി.പി. ധനജ്ഞയൻ	-	74,712 രൂപ
ശ്രീമതി അനന്താശങ്കർ ജയന്ത്	-	30,000 രൂപ

(ഡി) 3 പരസ്യങ്ങൾക്കായി ഏകദേശം 19,13,175/- രൂപ (പത്തൊൻപത് ലക്ഷത്തി പതിമൂന്നായിരത്തി ഒരുനൂറ്റി എഴുപത്തിയഞ്ചു രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നു.

(ഇ) പുസ്തകങ്ങളുടെ അച്ചടിക്കൂലി ഇനത്തിൽ 6,100/- രൂപയും മാനവീയം പത്രികയുടെ അച്ചടിക്കൂലിയിനത്തിൽ 70,088,40 രൂപയും നോട്ടീസ് അച്ചടിച്ച വകയിൽ 1,250/- രൂപയും പോസ്റ്റർ അച്ചടിച്ച വകയിൽ 29,800/- രൂപയും ചെലവ് വന്നിട്ടുണ്ട്.

12 (448) ക്ഷേത്രകലകൾ നിലനിർത്തുന്നതിന് നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര കലകളായ കഥകളി, കൂത്ത്, കൂടിയാട്ടം, കൃഷ്ണ നാട്ടം, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, ശീതങ്കൻ തുള്ളൽ, കുറത്തിയാട്ടം, തെയ്യം തുടങ്ങിയവ നിലനിർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉൽസവങ്ങൾ നടത്തിവരുന്ന നൂറ്റാണ്ടു പഴക്കമുള്ള ചേർത്തല താലൂക്കിൽ തണ്ണീർമുക്കം വടക്കും വില്ലേജിലെ ചെറുവാരണം ശ്രീ നാരായണപുരം ദേവസ്വം ക്ഷേത്രത്തിന് സാംസ്ക്കാരിക വകുപ്പിൽനിന്നും പ്രോത്സാഹനാർത്ഥം സാമ്പത്തിക സഹായം നൽകുവാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷേത്ര കലകളായ ചാക്യാർ കൂത്ത്, കൂടിയാട്ടം, ഓട്ടൻ തുള്ളൽ, ശീതങ്കൻ തുള്ളൽ എന്നീ വിഷയങ്ങൾ സർക്കാർ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനമായ കലാമണ്ഡലത്തിൽ പഠിപ്പിക്കുന്നുണ്ട്. മറ്റൊരു ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനമായ കേരള ഫോക് ലോർ അക്കാദമി, തെയ്യം അഭ്യസിക്കുന്ന കുട്ടികൾക്ക് പ്രതിമാസം സ്റ്റൈപ്പന്റ് നൽകുന്നതു കൂടാതെ കുറത്തിയാട്ടം കലാകാരന്മാരെ ആദരിക്കൽ അവർക്ക് പെൻഷൻ, സ്റ്റൈപ്പന്റ്, രോഗ ചികിൽസാ സഹായം എന്നീ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുന്നു.

(ബി) നാടൻ കലകൾ സംരക്ഷിക്കപ്പെടുന്നത് നമ്മുടെ കാവുകളിലും ക്ഷേത്രങ്ങളിലും തന്നെയാണ്. എന്നാൽ ആയിരക്കണക്കിന് കാവുകളും ക്ഷേത്രങ്ങളും ഉള്ള നമ്മുടെ സംസ്ഥാനത്ത് ഓരോന്നിനും പ്രത്യേക ധനസഹായം നൽകുക പ്രായോഗികമല്ല.

13 (451) അവശകലാകാര പെൻഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിൽ കൊയിലാണ്ടി താലൂക്കിലെ പ്രശസ്ത തായംപക വിദഗ്ദ്ധൻ കൊണ്ടംവള്ളി കുഞ്ഞുക്കൃഷ്ണമാരാർ കലാകാരൻമാർക്കുള്ള പെൻഷന് അർഹനാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹം പെൻഷനുവേണ്ടി നൽകിയ ഹർജി പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തായമ്പക വിദഗ്ദ്ധന് കലാകാരൻമാർക്കുള്ള പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കലാകാര പെൻഷന് ലഭിച്ച അപേക്ഷകളിൽ ശ്രീ. കൊണ്ടം വള്ളി കുഞ്ഞുക്കൃഷ്ണ മാരാരുടെ അപേക്ഷയും ലഭിച്ചിരുന്നു. ഈ അപേക്ഷകളിൽനിന്നും കൂടുതൽ അർഹരായ 234 പേരെ പുതുതായി കലാകാര പെൻഷന് തെരഞ്ഞെടുത്തു. കലാകാരപെൻഷൻ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സർക്കാർ പത്രവാരാ അപേക്ഷ ക്ഷണിക്കുമ്പോൾ ശ്രീ. കുഞ്ഞുക്കൃഷ്ണമാരാർക്ക് ഇനിയും അപേക്ഷിക്കാവുന്നതാണ്.

14 (453) അവശ കലാകാരൻമാർക്കുള്ള പെൻഷൻ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാരൻമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) മാസങ്ങളായി അവർക്ക് അർഹതപ്പെട്ട പെൻഷൻ ലഭിക്കുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly